നിശ്ചയിച്ച തീയതിക്കു മുമ്പ് നിയമസഭ പിരിയുന്നതുകൊണ്ട് ഈ ബിൽ ഈ നിയമ സഭയിൽ പാസ്സാക്കാൻ സാധിക്കാത്ത ഒരു അവസ്ഥാ വിശേഷം വന്നിട്ടുണ്ട്. ഏതായാലും അതു നിയമപരമായി പ്രാവർത്തികമാക്കാനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഈ നിയമം പാസ്സാക്കിയതിനുശേഷം തെരഞ്ഞെടുപ്പു നടത്താം എന്നായിരുന്നു സർക്കാരിന്റെ തീരുമാനം. ഇതിനിടയ്ക്ക് ഒരു അംഗം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ്സുമായി പോയതിന്റെ അടിസ്ഥാനത്തിൽ, കോടതിയോടു സാവകാശത്തിനുവേണ്ടി ഗവൺമെന്റ് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, മൂന്ന് മാസ ത്തേക്ക് സാവകാശം അനുവദിച്ചിട്ടുണ്ട്. ആ മൂന്ന് മാസത്തിനുള്ളിൽ ഈ തെരഞ്ഞെടുപ്പു നടത്തി അധികാര കൈമാറ്റം നടത്തുമെന്ന് ഈ നിയമസഭയിൽ ഞാൻ ഉറപ്പ് തരുന്നു.

(30) വൈക്കം താലൂക്ക് റവന്യൂ ടവറിന്റെ വർക്ക് ടെന്റർ ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. പി. നാരായണൻ: സർ, കോട്ടയം ജില്ലയിൽ വൈക്കം താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം റവന്യൂ ടവറിന്റെ എസ്റ്റിമേറ്റും പ്ലാനും തയ്യാറായ സാഹചര്യത്തിൽ അടിയന്തിരമായി ടി വർക്ക് ടെന്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ടവറിന്റെ നിർമ്മാണം നിർത്തി വയ്ക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വൈക്കത്തെ റവന്യൂ ടവർ അവിടെ സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരികയാണ്. അനുഭാവ പൂർവ്വം അതുപരിഗണിക്കാം.

(31) വടക്കേക്കര പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, എന്റെ മണ്ഡലത്തിലെ വടക്കേക്കര പുത്തൻ വേലിക്കര പഞ്ചായത്തിൽ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമമുണ്ട്. രാത്രിയായാൽ കണ്ണുകാണാൻ പറ്റില്ല, കുട്ടികൾക്കു പഠിക്കാൻ പോലും പറ്റില്ല. വടക്കേക്കര സബ് സ്റ്റേഷനിൽ 90 ശതമാനം പണികൾ രണ്ടു വർഷങ്ങൾക്ക് മുമ്പ് പൂർത്തിയായതാണ്. അതിനുശേഷം പണി കാര്യമായി നടക്കുന്നില്ല. അടിയന്തിരമായി അതിനു പരിഹാരം ഉണ്ടാക്കാനും പുത്തൻവേലിക്കരയിൽ സബ് സ്റ്റേഷന് ആവശ്യമായ സ്ഥലമെടുപ്പു നടപടികൾ പൂർത്തിയായി. അതിന്റെ പണി ഉടൻ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, വടക്കേക്കര സബ്സ്റ്റേഷൻ പണിയുന്നതിനുവേണ്ടി മുത്തകുന്നം വില്ലേജിൽ ഒരു ഏക്കർ ഭൂമി ഏറ്റെടു ത്തിട്ടുണ്ട്. സബ്സ്റ്റേഷന്റെ ഏകദേശം 85 ശതമാനം പണിയും പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലൈൻ വലിക്കുന്നതിനുള്ള പ്രാരംഭ നടപടിയായി മരം മുറിക്കൽ പൂർത്തിയായി. 2003 നവംബറിൽ സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പുത്തൻ വേലിക്കരയിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പുത്തൻവേലിക്കരയിൽ ഇലക്ട്രിസിറ്റി ബോർഡ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ലൈൻ വലിക്കാനുള്ള ജോലി മെസേഴ്സ് L&T-യെ ഏല്പിച്ചെങ്കിലും കമ്പനി പണി ചെയ്യാൻ വിമുഖത കാണിക്കുന്നതുകൊണ്ട് ബോർഡ് നേരിട്ടു നടത്താൻ ആലോചിച്ചു വരികയാണ്.

(32) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ തോട്ടപ്പള്ളിയിൽ ഫിഷിംഗ് ഹാർബർ അനുവദിക്കണമെന്നതു സംബന്ധിച്ച്

ശ്രീ. ഡി. സുഗതൻ: സർ, അമ്പലപ്പുഴയിലെ തോട്ടപ്പള്ളിയിൽ ഒരു ഫിഷിംഗ് ഹാർബർ വേണമെന്ന് കഴിഞ്ഞ കാൽ നൂറ്റാണ്ടായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഹാർബറിന്റെ പദ്ധതിക്കുവേണ്ടി 16.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ അനുമതിക്ക് പോയിരിക്കുന്നു എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ വർഷം തന്നെ തോട്ടപ്പള്ളിയിലെ ഫിഷിംഗ് ഹാർബറിന്റെ പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ആലപ്പുഴ ജില്ലയിൽ തോട്ടപ്പള്ളിയിൽ നിലവിലുള്ള ഫിഷ് ലാന്റിംഗ് സെന്റർ ഒരു ഫിഷിംഗ് ഹാർബറായി വികസിപ്പിക്കുന്നതിനു 1630 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതി 2-1-2003-ൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ 13-2-2003-ലെ കത്തുപ്രകാരം പദ്ധതിയെക്കുറിച്ച് ബാംഗ്ലൂരിലെ CSEF-ന്റെ സ്ഥാപനം ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് വേഗത്തിൽ അനുവാദം നൽകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

(33) കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന തൊഴിലാളികൾ അപകടത്തിൽപെടുന്നതു സംബന്ധിച്ച്

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, എന്റെ മണ്ഡലത്തിൽ ഈ കഴിഞ്ഞ ജൂൺ 30-നുശേഷം തിരമാലകളിൽപ്പെട്ടും മണൽതിട്ടകളിൽ തട്ടിയും മൂന്ന് വള്ളങ്ങൾ മറിയുകയും നാലുപേർ ദാരുണമായി മരണപ്പെടുകയും ചെയ്തു. ആഴിയിൽ മുങ്ങിപ്പോയ വള്ളം തിരിച്ചെടുക്കാൻ ഒരു നടപടിയും ഉണ്ടാകുന്നില്ല. ലക്ഷക്കണക്കിനു രൂപ നഷ്ടപ്പെട്ട ഫിഷർമെൻ വീണ്ടും ലക്ഷങ്ങൾ മുടക്കിയിട്ടും അത് തിരിച്ചെടുക്കാൻ കഴിയാത്ത ഒരു അവസ്ഥയുണ്ട്. പ്രത്യേകിച്ചും കൊടുങ്ങല്ലൂർ മണ്ഡലത്തിന്റെ ഫിഷിംഗ് ഹാർബറിലേക്കുള്ള പ്രവേശന കവാടമായ ആഴിയിൽ ഒരു വള്ളം മുങ്ങിക്കിടന്നിട്ടും അതെടുക്കാൻ കഴിയാത്തതിന്റെ പേരിൽ ഈ കഴിഞ്ഞ ദിവസം ഒരു ബോട്ടു തട്ടി അപകടമുണ്ടായി. ഈ വള്ളം തിരിച്ചെടുത്ത് നഷ്ടങ്ങൾ സഹിക്കുന്ന ഫിഷർമെന്നിന് ആശ്വാസം നൽകാനും ഈ ആഴിയിലുള്ള വള്ളങ്ങൾ എത്രയും പെട്ടെന്ന് നീക്കം ചെയ്തു തരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly